**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2711** **22-01-2021 - ൽ മറുപടിയ്ക്ക്**

**ബഫർ സോണിന് പുറത്തെ പരിസ്ഥിതി ലോല മേഖല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ. സി . ജോസഫ് | | **Shri. K Raju**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | വന്യജീവി സങ്കേതങ്ങളുടെയും സംരക്ഷിത വന മേഖലകളുടേയും ബഫർ സോണിന് പുറത്തേക്ക് ഓരോ കിലോമീറ്റർ കൂടി പരിസ്ഥിതി ലോല മേഖലയായി കണക്കാക്കിയുള്ള 2019 -ഒക്ടോബർ 23-ാം തീയതിയിലെ മന്ത്രിസഭായോഗതീരുമാനത്തിന് വിരുദ്ധമായി ചൂലന്നൂർ, പീച്ചി- വാഴാനി മുതലായ വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റുമുള്ള കൃഷിഭൂമികൾ കൂടി ഉൾപ്പെടുത്തി മൂന്നും അതിൽ കൂടുതലും കിലോമീറ്റർ ദൂരം ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | (എ) പീച്ചി-വാഴാനി വന്യജീവി സങ്കേതത്തിന്റെ ഇക്കോ സെൻസിറ്റിവ് സോൺ പ്രൊപ്പോസൽ, വന്യജീവി സങ്കേതത്തിന്റെ അതിർത്തിയിൽ നിന്നും ചുരുങ്ങിയത് പൂജ്യം മുതൽ പരമാവധി 6.2 കി.മീ. വരെ ദൂരത്തിൽ ആണ് രേഖപ്പെടുത്തിയിരുന്നത്. ജനവാസ മേഖലയിലെ പരമാവധി ദൂരം ഒരു കിലോമീറ്ററിനുള്ളിൽ നിർത്തി തൊട്ടടുത്ത വനം ഡിവിഷനുകളിലെ വനഭൂമി പരമാവധി ചേർത്തിട്ടുള്ള രീതിയിലായിരുന്നു ഇക്കോ സെൻസിറ്റീവ് സോൺ ഡിമാർക്കേറ്റ് ചെയ്തിരുന്നത്. എന്നാൽ, പുതുക്കി സമർപ്പിക്കപ്പെട്ട പ്രൊപ്പോസലിൽ ജനവാസ മേഖല പൂർണ്ണമായും ഒഴിവാക്കി വനപ്രദേശം മാത്രമായാണ് ഇക്കോ സെൻസിറ്റീവ് സോൺ ചേർത്തിട്ടുള്ളത്. ചൂലന്നൂർ വന്യജീവി സങ്കേതത്തിലും പുതുക്കി സമർപ്പിക്കപ്പെട്ട പ്രൊപ്പോസലിൽ ജനവാസ മേഖല പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) | മേൽ പറഞ്ഞ മന്ത്രി സഭായോഗ തീരുമാനം കേരളത്തിലെ മലയോരമേഖലകളിലെ കൃഷിക്കാരെയോ അവരുടെ കൃഷിഭൂമികളെയോ എത്രമാത്രം ബാധിക്കുമെന്ന് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ പഠന റിപ്പോർട്ട് സഭയിൽ വയ്ക്കുമോ; | (ബി) | ഇക്കോ സെൻസിറ്റീവ് സോണിന്റെ വിജ്ഞാപനം യാതൊരു വിധ കൃഷികളെയും ബാധിക്കുന്നില്ല. ജൈവകൃഷി രീതികൾ, കാർഷിക വനവൽക്കരണം, ഹോർട്ടികൾച്ചർ, ഹെർബൽ പ്ലാന്റേഷനുകൾ തുടങ്ങിയവ 'പ്രോത്സാഹിപ്പിക്കേണ്ട കാര്യങ്ങളുടെ ' പട്ടികയിൽ ആണ് കൊടുത്തിട്ടുള്ളത്. നിരോധിക്കപ്പെട്ടതോ, നിയന്ത്രിക്കപ്പെട്ടതോ ആയ കാര്യങ്ങളുടെ പട്ടികയിൽ യാതൊരുവിധ കൃഷിയും ഉൾപ്പെടുന്നില്ല എന്നുള്ളത് കൊണ്ട് തന്നെ ഇക്കാര്യത്തിൽ ആശങ്കൾക്ക് അടിസ്ഥാനമില്ല. |
| (സി) | സംരക്ഷിത വനമേഖല എന്നതിന്റെ നിർവചനം ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ? | (സി) | (സി) 1972-ലെ വന്യജിവി (സംരക്ഷണ) നിയമത്തിലെ 18 മുതൽ 26എ വരെയുള്ള വകുപ്പുകൾ പ്രകാരം വിജ്ഞാപനം ചെയ്യപ്പെടുന്ന വനഭൂമിയാണ് സംരക്ഷിത വനമേഖല അഥവാ പ്രൊട്ടക്ടഡ് ഏര്യാ എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നത്. |

സെക്ഷൻ ഓഫീസർ